(ഡി) ഒരു രോഗിക്ക് കൊടുക്കുന്ന മരുന്നിന്റെ അനുപാതം വെച്ച് ഒരു മാസത്തേക്ക് വരുന്ന മരുന്നിന്റെ ചെലവെത്രയാണ്;

(ഇ) ഗ്രാമപ്രദേശങ്ങളിലെ ചികിൽസാ സൗകര്യം വർദ്ധിപ്പിക്കാനായി പി. എച്ച്. സെന്ററുകളിൽ കൂടുതൽ മരുന്ന് വിതരണം ചെയ്യുവാൻ നടപടികളും എടുക്കാമോ?

ഉത്തരം

(എ) ഒന്നര ലക്ഷം രൂപ.

(ബി) 15,000 രൂപ.

(സി) നാൽപതിനായിരം മുതൽ അൻപതിനായിരം വരെ.

(ഡി) ഒരു ദിവസം ശരാശരി 30 പൈസയുടെ മരുന്ന് എന്ന തോതിൽ ഒരു മാസത്തേക്ക് 9 രൂപ ചെലവാകും.

(ഇ) ഇപ്പോഴത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകകൊണ്ട് ഇതിൽ കൂടുതൽ സൗകര്യം ചെയ്തു കൊടുക്കുവാൻ കഴിയുന്നതല്ല. സാധാരണ രീതിയിലുള്ള ചികിൽസകൊണ്ട് ഭേദമാകുന്ന രോഗങ്ങൾ മാത്രമേ പി. എച്ച്. സെന്ററുകളിൽ കൈകാര്യം ചെയ്യാറുള്ളൂ. ഈ സൗകര്യം ഇപ്പോൾ എല്ലാ പഞ്ചായത്തുകളിലും ഉള്ള ഡിസ്പൻസറികളിലും ഉണ്ട്.

ഇ. എസ്. ഐ. സ്കീം നടപ്പിലാക്കിയ സ്ഥാപനങ്ങളിലെ ബുദ്ധിമുട്ടുകൾ

1098 [1746] ശ്രീ. ത്യാഗരാജൻ:

,, എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. സ്കീം നടപ്പിലാക്കിയ സ്ഥാപനങ്ങളിൽ രോഗികളെ പരിശോധിക്കുന്നതിനും അവർക്ക് ഏർപ്പെടുത്തിയിട്ടുള്ള സഹായം ലഭിക്കുന്നതിനും നിലവിലുള്ള നിബന്ധനകൾമൂലം ബുദ്ധിമുട്ടുകൾ നേരിടുന്നതായി ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കീമിൽ നിലവിലിരിക്കുന്ന ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ സത്വര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) നിലവിലുള്ള ഇ. എസ്. ഐ. സ്കീം നിയമംമൂലം രോഗികളെ പരിശോധിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുള്ളതായി അറിവില്ല. എന്നാൽ രോഗികൾക്ക് അവർ സ്വയം വാങ്ങിയ മരുന്നുകളുടെ വില മടക്കികിട്ടുന്നതിനും മറ്റും ബുദ്ധിമുട്ടുകൾ ഉള്ളതായി ചില പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഇ. എസ്. ഐ. ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ ഉള്ള അധികാരം ഇ. എസ്. ഐ. കോർപ്പറേഷനു മാത്രമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly